# ഗവ: എൽ.പി സ്കൂൾ
# ഇടവേലി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26





# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നത്. സംസ്ഥാനത്ത് ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയെങ്കിലും അക്കാദമിക മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.

അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സമകാലീന വിഷയങ്ങളിലെ അറിവ് കുട്ടികൾക്ക് അത്യന്താപേക്ഷിതമാണ്. സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെക്കുറിച്ചും കുട്ടികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. തുടർന്ന് പാഠ്യപദ്ധതിയിലൂടെ കടന്നുപോകുമ്പോൾ അവ ആഴത്തിൽ അറിയാനും അവസരമൊരുക്കുന്നു. ട്രാഫിക് നിയമങ്ങൾ, ശുചിത്വം, മാലിന്യസംസ്കരണം, ആരോഗ്യശീലങ്ങൾ, ലഹരിക്കെതിരെയുള്ള പ്രതിരോധം, പരസ്പര സഹകരണം, ഡിജിറ്റൽ അച്ചടക്കം, തുടങ്ങി നിരവധി മേഖലകളിലൂടെ കടന്നുപോയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ഗവ. എൽപി സ്കൂൾ, ഇടവേലി

## ലഘുചരിത്രം

പശ്ചിമഘട്ടത്തിന്റെ താഴ്വരയിൽ കക്കുവ പുഴയുടെ തീരത്ത് പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ തളിർത്തു നിൽക്കുന്ന ആറളം പഞ്ചായത്തിലെ ഏക ഗവ. എൽ.പി സ്കൂളാണ് ഇടവേലി ഗവ. എൽ.പി സ്കൂൾ. 1954-ൽ പഴയ മദ്രാസ് സംസ്ഥാനത്തിന്റെ കീഴിൽ ഒരു ഏകാധ്യാപക വിദ്യാലയമായിട്ടാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. 1954- 55 വർഷത്തിൽ 18 ആൺകുട്ടികളും 11 പെൺകുട്ടികളുമടക്കം 29 വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ ഈ വിദ്യാലയത്തിൽ പ്രവേശനം നേടി. ശ്രീ.മഞ്ഞമ്മേക്കുടിയിൽ കുര്യാക്കോസ് സംഭാവനയായി നൽകിയ ഇടവേലിയിലെ 17.5 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയത്തിന്റെ തുടക്കം. പൂർവ്വികർ പകർന്നുതന്ന മഹത്തായ മാതൃക പിൻപറ്റി ഇടവേലി ഗവ. എൽ.പി. സ്കൂൾ ഇന്ന് ഉയർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. പാഠ്യ പഠ്യേതര വിഷയങ്ങളിലെല്ലാം തന്നെ ഇരിട്ടി സബ് ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായാണ് ഇടവേലി ഗവ. എൽ പി സ്കൂൾ അറിയപ്പെടുന്നത്. ഭൗതിക സാഹചര്യങ്ങളിലെ മികവും അക്കാദമിക മേഖലയിലെ മികവും എടുത്തു പറയേണ്ട കാര്യമാണ്.

ആദ്യകാലങ്ങളിൽ ഓലമേഞ്ഞതും നനഞ്ഞൊലിക്കുന്നതുമായ കെട്ടിടങ്ങളിലായിരുന്നു സ്കൂളിന്റെ പ്രവർത്തനം. തികച്ചും ദരിദ്ര കുടുംബത്തിൽ നിന്നും വരുന്ന കുട്ടികളായിരുന്നു ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നത്. ഇന്ന് സാധാരണക്കാരായ കുട്ടികൾക്ക് പുറമെ ആറളം ഫാം പുനരധിവാസ മേഖലയിലെ

ഉൾപ്പെടെ പട്ടികവർഗ്ഗ കോളനികളിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഈ വിദ്യാലയത്തിലുണ്ട്.

അഡീഷണൽ ക്ലാസ്സ്റൂം, ലൈബ്രറി, സ്കൂൾബസ്, പാചകപ്പുര, ഭക്ഷണശാല, വാഷ്ബേസുകൾ, ടോയ്ലറ്റുകൾ, ചിൽഡ്രൻസ് പാർക്ക്, വിശാലമായ കളിസ്ഥലം, പ്രീ-സ്കൂൾ കെട്ടിടങ്ങൾ, പഠനയിടങ്ങൾ തുടങ്ങി മികച്ച സാഹചര്യങ്ങളോടുകൂടി സ്കൂൾ ഇന്ന് നിലകൊള്ളുന്നു. കുട്ടികളുടെ ജീവിതവിജയത്തിന്റെ വഴികാട്ടിയായി നാടിന്റെ ദീപസ്തംഭമായി ഇടവേലി ഗവ. എൽപി സ്കൂൾ നിലകൊള്ളുന്നു.

# ക്ലാസ് I

## വിഷയം: മലയാളം

**ലക്ഷ്യം**

അടിസ്ഥാന ഭാഷാശേഷി വികസനം

**പ്രവർത്തനങ്ങൾ**

- ❖ ഭാഷാ കളരി കുട്ടികളിലും - പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ട ങ്ങൾ സംഘടിപ്പിക്കൽ.
- ❖ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. (അമ്മ പറയട്ടെ)

**പ്രവർത്തനകാലയളവ്**

ജൂലൈ- സെപ്റ്റംബർ

ഒക്ടോബർ - ഡിസംബർ - ജനുവരി മാസത്തിലൊരിക്കൽ

**സാമ്പത്തിക വിശകലനം**

SMC, MPTA

## പരിസരപഠനം

**ലക്ഷ്യം**

- ❖ ആഹാരശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്.
- ❖ പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും.
- ❖ വ്യക്തി ശുചിത്വം, പരിസരശുചിത്വം, എന്നിവയെക്കുറിച്ച് അവബോധമുണ്ടാക്കൽ.
- ❖ റോഡ് നിയമങ്ങളുമായി ബന്ധപ്പെട്ട അവബോധം.

**പ്രവർത്തനങ്ങൾ**

- ❖ ഭക്ഷ്യമേള - പ്രദർശനം

  നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും
- ❖ പുഷ്പോദ്യാനം, ഔഷധത്തോട്ടം
- ❖ വ്യക്തി ശുചിത്വ ശീലങ്ങൾ, ചാർട്ട് പ്രദർശനം - അസംബ്ലി.
- ❖ റോഡ് നിയമങ്ങൾ - ക്ലാസ് തല വീഡിയോ പ്രദർശനം.

## പ്രവർത്തന കാലയളവ്

ജൂൺ - ഓഗസ്റ്റ് - ഡിസംബർ - ജനുവരി.

## സാമ്പത്തിക വിശകലനം

SMC- SRG

# ഇംഗ്ലീഷ്

## ലക്ഷ്യം

- ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ.
- പൊതുയിടങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനെകുറിച്ചുള്ള അവബോധം.

## പ്രവർത്തനങ്ങൾ

- കാർട്ടൂൺ പ്രദർശനം
  സിനിമ പ്രദർശനം
- റോൾപ്ലേ (Description about public institutions)
- പൊതുയിടങ്ങൾ സന്ദർശനം (Communication must be in English language).

## പ്രവർത്തന കാലയളവ്

മാസത്തിൽ, ആഴ്ചയിൽ ഒന്ന്

ഒക്ടോബർ - ജനുവരി

## സാമ്പത്തിക വിശകലനം

SRG- SSA

## ഗണിതം

- കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.
- കായിക പ്രവർത്തനങ്ങളിലൂടെ ഗണിതത്തെ കൂടുതൽ മനസ്സിലാക്കൽ.

## പ്രവർത്തനങ്ങൾ

- ഗണിത മാഗസിൻ
- ജാമിതീയ രൂപങ്ങളുടെ നിർമ്മാണം
- ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ
- ഗണിത ക്യാമ്പ് (കായിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി)

## പ്രവർത്തനകാലയളവ്

ജൂൺ - മാർച്ച്

ആഴ്ചയിൽ ഒന്ന്

## സാമ്പത്തിക വിശകലനം

SRG- SSA

# ക്ലാസ് II

## മലയാളം

### ലക്ഷ്യം

- ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്.
- സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കൽ.
- ഭാഷാവികസനം ഡിജിറ്റൽ മാധ്യമങ്ങളിലൂടെ.

### പ്രവർത്തനങ്ങൾ

- എഴുത്തും കുത്തും ലഘുരചനയിലേക്ക് നയിക്കുന്ന രചന ക്യാമ്പുകൾ
- പതിപ്പ് നിർമ്മാണം
- കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ.
- വ്യവഹാര രൂപങ്ങൾ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ കേൾക്കാനും കാണാനും അവസരം.

### പ്രവർത്തനകാലയളവ്

- ഒക്ടോബർ - ഡിസംബർ - ജനുവരി

### സാമ്പത്തിക വിശകലനം

SMC, SRG, MPTA

## പരിസരപഠനം

- ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.
- പ്രകൃതിയെ അറിയാൻ
- നാടറിയാൻ - നാട്ടറിവുകൾ

### പ്രവർത്തനങ്ങൾ

- ശുചിത്വ സർവേ ക്ലാസുകൾ
- പോസ്റ്റർ രചന മത്സരം, അവതരണം.
- പ്രകൃതി നടത്തം.
- കർഷകരുമായി അഭിമുഖം.

**പ്രവർത്തന കാലയളവ്**

ജൂൺ - ജൂലൈ

സെപ്റ്റംബർ - ഡിസംബർ

ജനുവരി

**സാമ്പത്തിക വിശകലനം**

- SRG, SMC, നാട്ടുകാർ, അധ്യാപകർ

## ഇംഗ്ലീഷ്

**ലക്ഷ്യം**

- ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ.

**പ്രവർത്തനങ്ങൾ**

- Let's talk......
  പ്രതിഭാധനരുമായി സംവദിക്കൽ
- English ബാലസഭ
- English Assembly (Once in a week)

**പ്രവർത്തനകാലയളവ്**

മൂന്നുമാസത്തിൽ ഒന്ന്

മാസത്തിൽ, ആഴ്ചയിൽ ഒന്ന്

**സാമ്പത്തിക വിശകലനം**

ക്ലാസ് ടീച്ചർ, SRG, SMC

## ഗണിതം

**ലക്ഷ്യം**

ഗണിത ചിന്താശേഷി വളർത്തൽ.

**പ്രവർത്തനങ്ങൾ**

- ഒരു ദിനം ഒരു ചോദ്യം. (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ)
- ഗണിത ക്യാമ്പ് - ഗണിത കളികളിലൂടെ.

**സാമ്പത്തിക വിശകലനം / ചുമതല**

SRG, Class Teacher

# ക്ലാസ് III

## മലയാളം

### ലക്ഷ്യം

### വായന

- മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ.

### ലേഖനം

- വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക.
- അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ - വിവിധ ഭാഷാ വ്യവഹാര രചന നടത്തുന്നതിനും.

### സർഗ്ഗാത്മക പ്രകടനം

- കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.

### പ്രവർത്തനങ്ങൾ / കാലയളവ്

- ക്ലാസ് ലൈബ്രറി വികസനം - ജൂൺ - മാർച്ച്
- അമ്മ വായന (അമ്മമാരുടെ വായനാകുറിപ്പുകൾ ക്ലാസ് പി.ടി.എ.യിൽ അവതരിപ്പിക്കുന്നു) - അധ്യയന വർഷം മുഴുവൻ
- വായന കാർഡുകൾ തയ്യാറാക്കൽ - ജൂൺ - ജൂലൈ
- ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.

ജൂൺ 5 പരിസ്ഥിതി ദിനം - പോസ്റ്റർ

ജൂൺ 19 വായനാദിനം, വായനാവാരം

ഓഗസ്റ്റ് 6 ഹിരോഷിമ ദിനം - പോസ്റ്റർ

ഓഗസ്റ്റ് 9 നാഗസാക്കി ദിനം - പോസ്റ്റർ

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനം

സെപ്റ്റംബർ 5 അധ്യാപകദിനം - പഴയകാല അധ്യാപകരുമായി അഭിമുഖം

ഒക്ടോബർ 2 ഗാന്ധിജയന്തി - കുറിപ്പ്

ഒക്ടോബർ 10 ദേശീയ തപാൽ ദിനം - കൂട്ടുകാരന് ഒരു കത്ത്

നവംബർ 1 കേരളപ്പിറവി - പ്രസംഗം

നവംബർ 14 ശിശുദിനം

<u>സാമ്പത്തിക വിശകലനം</u>

അധ്യാപകർ, CPTA, PTA

## <u>പരിസരപഠനം</u>

<u>ലക്ഷ്യം</u>

- ചുറ്റുപാടിനെ കുറിച്ചുള്ള അവബോധം
- പ്രകൃതി സംരക്ഷണം
- വ്യക്തി - പരിസര ശുചിത്വം
- ഡിജിറ്റൽ മാധ്യമങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യൽ.
- പരസ്പര സഹകരണത്തോടെ വർത്തിക്കുന്നതിനുള്ള കഴിവ്

<u>പ്രവർത്തനങ്ങൾ/കാലയളവ്</u>

- പ്രകൃതി നടത്തം (വയൽ, ജൈവവൈവിധ്യ ഉദ്യാനം) - ജൂൺ - ജൂലൈ
- മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ - ഓഗസ്റ്റ് - സെപ്തംബർ
- മഴക്കുഴി നിർമ്മാണം
- വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ
- കൈകഴുകൽ പരിശീലനം
- വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ ശുചിത്വ സന്ദേശ പോസ്റ്ററുകൾ സ്ഥാപിക്കൽ - ഒക്ടോബർ - മാർച്ച്

<u>സാമ്പത്തിക വിശകലനം</u>

PTA, SRG, SMC

## ഇംഗ്ലീഷ്

**ലക്ഷ്യം**

- ആശയം അറിഞ്ഞും ഒഴുക്കോടെയും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യൽ.

**പ്രവർത്തനങ്ങൾ / കാലയളവ്**

- ഇംഗ്ലീഷ് കോർണർ ഒരുക്കൽ - JUNE - MARCH
- Reading news competition മാസത്തിൽ ഒന്ന്
- വായന ക്യാമ്പുകൾ സംഘടിപ്പിക്കൽ
- Children's magazine in English- October - March

**ചുമതല**

Teachers, PTA, SRG

## ഗണിതം

**ലക്ഷ്യം**

- ജാമിതീയ സൗന്ദര്യം തിരിച്ചറിയുന്നതിന്.
- ഗണിത പഠനം ഇ - മാധ്യമങ്ങളിലൂടെ ആസ്വദിക്കുന്നതിന്.
- ഗണിത രൂപങ്ങൾ - നിത്യജീവിതത്തിൽ അവബോധം സൃഷ്ടിക്കല്

**പ്രവർത്തനങ്ങൾ / കാലയളവ്**

- ഒറിഗാമി ശില്പശാല

  ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും, ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ
- ഗണിതോത്സവം
- ഗണിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടുത്തി.

  ജൂൺ - മാർച്ച്

**ചുമതല**

SRG, PTA, SMC, Staff etc.

# STD IV

## മലയാളം

## മധുരം മലയാളം

## ലക്ഷ്യം

- ❖ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ❖ വായിക്കാം വളരാം
  വായനാശേഷി വളർത്തൽ
- ❖ എഴുതാം തെളിയാം
  എഴുത്ത് പരിപോഷിപ്പിക്കൽ
- ❖ എഴുത്തുകാരുമായി സംവദിക്കൽ
  ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ.

## പ്രവർത്തനങ്ങൾ / കാലയളവ്

- ❖ ക്ലാസ് വായനാകൂട്ടം
  ക്ലാസ് ലൈബ്രറി ഒരുക്കൽ
- ❖ പുസ്തകപരിചയം
  വായനാക്കുറിപ്പ്
  ആസ്വാദനക്കുറിപ്പ് - ജൂൺ - മാർച്ച്
- ❖ പുസ്തക സംവാദം
  ആനുകാലിക വായന
- ❖ സാഹിത്യകാരന്മാരുമായി
  എഴുത്തിലൂടെ സംവദിക്കൽ

## ലക്ഷ്യങ്ങൾ

- ❖ അറിവ് - ഡോക്യുമെന്ററിയിലൂടെ അറിവ് നേടൽ. (ICT)
- ❖ നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ.
- ❖ സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ.
  അടുത്തറിയൽ
- ❖ പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ.

- ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

## പ്രവർത്തനങ്ങൾ / കാലയളവ്

- പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ.
- ഭക്ഷ്യമേള - പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ
- ഓർമ്മദിനങ്ങൾ ആചരിക്കൽ.
  ഡോക്യുമെന്ററി പ്രദർശനം.
- പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്.
- കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.

## ചുമതല

PTA, HM, SRG, SMC

## പരിസര പഠനം

## ലക്ഷ്യങ്ങൾ

- നിരീക്ഷണം, അറിവുനിർമ്മാണം
- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ
- ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ
- അന്വേഷണ ത്വര വളർത്തൽ
- ഭൂപടമൊരുക്കാം
  കേരളം - ഇന്ത്യ ഭൂപടവായന
- ശാസ്ത്ര വിസ്മയ ചുമർ ഒരുക്കൽ
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന.

## പ്രവർത്തനങ്ങൾ / കാലയളവ്

- പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.
- വാനനിരീക്ഷണം.
- ശാസ്ത്രപ്രദർശനങ്ങൾ.
- ഭൂപടങ്ങൾ പരിചയപ്പെടൽ.

  ഭൂപട വായന

  ഭൂപട രചന
- ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.
- ശാസ്ത്രപതിപ്പ്, ആൽബം, ചാർട്ട് നിർമ്മാണം.
- ശാസ്ത്ര മാസികാനിർമ്മാണം.

# English

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി വളർത്തൽ. (English Assembly)
- തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി (English Diary)
- സർഗാത്മക പരിപോഷണം (English Thad ore)
- സർഗാത്മക രചനാശേഷി വികസനം (English Magazine)
- വായന പരിപോഷണം (English Corner)
- ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ.
- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മാവിശ്വാസമുണ്ടാക്കൽ (English Fest)

## പ്രവർത്തനങ്ങൾ / കാലയളവ്

- ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി ചേരൽ.
- നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൂ.

- ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ.

Skit, Drama, Conversation, Storytelling etc.

- സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്.
- കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് Reading corner ഒരുക്കൽ.
- വായനാമത്സരം, രചനാമത്സരം

## ഗണിതം

### ലക്ഷ്യങ്ങൾ

- ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ)
- ഗണിത പഠനം രസകരമാക്കൽ - കരചലനശേഷി വികാസം
- ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ.
- പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ.
- ഗണിത ശേഷികളുടെ പ്രകടനം

### പ്രവർത്തനങ്ങൾ കാലയളവ്

- വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ (ഏണിയും പാമ്പും, ഡയസ് കളി, കച്ചവടക്കാർ) സങ്കലനം, വ്യവകലനം.
- ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം.
- ഗണിത ലാബ് ഒരുക്കൽ
- ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ (ഗണിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ etc.)
- പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം.

  (അരവിന്ദ ഗുപ്ത കാർഡ്, സ്ഥാനവില പോക്കറ്റ് etc.)
- പ്രശ്നോത്തരി, പസിൽ, പാറ്റേൺ.

### ചുമതല

ക്ലാസ് ടീച്ചർ, HM, SRG, PTA